(2) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പോലീസ് സേനയിലെ ഒഴിവുകൾ

* 51. [55] ശ്രീ. എം. എം. ഹസ്സൻ :
,, തോപ്പിൽ രവി :
,, കെ. കെ. ശ്രീനിവാസൻ :
,, ജി. കാർത്തികേയൻ :
,, ജോസ് കുറ്റിയാനി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് റിക്രൂട്ട്മെൻറ് നടത്താൻ ഉദ്ദേശമുണ്ടോ ;

(ബി) എത്ര ഒഴിവുകളിലാണ് നിയമനം നടത്താൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതു സംബന്ധിച്ചുള്ള നടപടികൾ പൂർത്തിയായോ ;

(ഡി) ഇപ്പോൾ നിലവിലുള്ള പോലീസ് കോൺസ്റ്റബിൾമാരുടെ അംഗസംഖ്യ എത്ര ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) :

(എ) ഉണ്ട്.

(ബി) 2586 ഒഴിവുകളിലേക്ക്.

(സി) കാലാകാലങ്ങളിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ പി. എസ്. സി. യെയും ജില്ലാ റിക്രൂട്ട്മെൻറ് ബോർഡുകളേയും അറിയിച്ചിട്ടുണ്ട്. നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്.

(ഡി) 20678

നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ്

* 52. [56] ശ്രീ. കെ. പി. അരവിന്ദാക്ഷൻ :
,, ഇ. പത്മനാഭൻ :
,, വി. ജെ. തങ്കപ്പൻ :
,, സി. പി. മുസ്സാൻകുട്ടി :
,, കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അരി, ഗോതമ്പ് തുടങ്ങിയ ഭക്ഷ്യധാന്യങ്ങളുടെ വില എത്ര ശതമാനം കണ്ടു വർദ്ധിച്ചു;

(സി) നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിച്ചു നിർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ):

(എ) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവുകൊണ്ടുമാത്രം സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ ഇപ്പോൾ വർദ്ധനവ് ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly